**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 1620** **03.10. 2011-ൽ മറുപടിക്ക്.**

## റാന്നിയിൽ പുതിയ പോലീസ് സ്റ്റേഷൻ നിർമ്മിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) റാന്നി പോലീസ് സ്റ്റേഷന് പുതിയ മന്ദിരം നിർമ്മിക്കുന്നതിന് എത്ര രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത് ; | : | (എ) റാന്നി പോലീസ് സ്റ്റേഷന് മാത്രമായി പുതിയ മന്ദിരം നിർമ്മിക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടില്ല. എന്നാൽ പോലീസ് സ്റ്റേഷൻ ഉൾപ്പെട്ട ഒരു പോലീസ് കോംപ്ലക്സ് റാന്നിയിൽ നിർമ്മിക്കുവാൻ 64 ലക്ഷം രൂപയുടെ ഒരു പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനുള്ള നടപടികൾ കെ.പി.എച്ച്.സി.സി. സ്വീകരിച്ചു വരികയാണ്. |
| (ബി) ഇതിന്റെ നിർമ്മാണം ആരെയാണ് ഏൽപ്പിച്ചിട്ടുള്ളത് ; | : | (ബി) കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (സി) ഇതിന്റെ നിർമ്മാണം ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : | (സി) ഉണ്ട്. |

(മറുപുറം)

(ഡി) നിർമ്മാണം തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) അടിയന്തിരമായി ഇതിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

: (ഡി) & (ഇ)

പോലീസ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് MoPF പദ്ധതി 2009-2010, പ്രകാരം അനുവദിച്ച 14 ലക്ഷം രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടറുകൾ ക്ഷണിച്ചു. രണ്ടു പ്രാവശ്യം ക്ഷണിച്ച ടെണ്ടറുകൾക്കും കോൺട്രാക്ടർമാർ നൽകിയിരുന്ന നിരക്ക് വളരെ കൂടുതലായിരുന്നതിനാൽ അംഗീകരിച്ചില്ല. മൂന്നാമത്തെ പ്രാവശ്യം ടെണ്ടറുകൾ ക്ഷണിക്കുവാൻ തീരുമാനിച്ചപ്പോൾ പതിമൂന്നാം ധനകാര്യ കമ്മീഷൻ മുഖേന 25 ലക്ഷം രൂപ വീതം ഒരു 'ബി' ടൈപ്പ് ഡോർമിറ്ററിയും ഒരു കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്ററും റാന്നിയിൽ പണിയുവാൻ അനുമതി ലഭിക്കുകയുണ്ടായി. അങ്ങനെ ആകെ ലഭിച്ച 64 ലക്ഷം രൂപയ്ക്ക് ഒരു പോലീസ് കോംപ്ലക്സ് പണിയുവാൻ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിവരുന്നു.

സെക്ഷൻ ഓഫീസർ